# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4234 — 13.12.2018 ൽ മറുപടിക്ക്

## അനധികൃത പാറ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ക്വാറികളിൽ നിന്ന് അനുവദനീയമായ അളവിൽ കൂടുതൽ പാറ ഖനനം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോ എന്ന് വിശദീകരിക്കുമോ; | (എ) ക്വാറിയിൽ നിന്നും അനുവദനീയമായ അളവിൽ കൂടുതൽ പാറ ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ നിയമാനുസൃതം നടപടി സ്വീകരിച്ച് ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പിഴ ഈടാക്കുന്നുണ്ട്. 07.02.2015 തീയതിയിൽ 2015 -ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം ക്വാറികൾ മൈനിങ് പ്ലാനിനനുസൃതമായാണ് പ്രവർത്തിക്കുന്നത്. ക്വാറിയിൽ നിന്നും ഓരോ വർഷവും ഖനനം ചെയ്തെടുക്കാൻ സാധിക്കുന്ന ധാതുവിന്റെ അളവ് മൈനിങ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ സംവിധാനം മുഖേനയാണ് ഇപ്പോൾ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കുന്നത്. ഓൺലൈൻ സംവിധാന പ്രകാരം പാസുകൾ സമ്പാദിക്കുന്നവർക്ക് മൈനിങ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ കൂടുതലായി പാസ്സുകൾ അനുവദിക്കുവാൻ സാധിക്കുകയില്ല. ഓൺലൈൻ പാസുകൾ നടപ്പിലാക്കാത്ത സംഗതികളിൽ അനുവദനീയമായ അളവിൽ കൂടുതൽ ഖനനം നടക്കുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ മൈനിംഗ് & ജിയോളജി വകുപ്പും റവന്യൂ വകുപ്പും നിയമാനുസൃതം തുടർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) അനുവദിക്കപ്പെട്ട അളവിൽ കൂടുതൽ പാറഖനനം നടത്തുമ്പോൾ സർക്കാരിന് ലഭിക്കേണ്ട റോയൽറ്റി തുക ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉപഭോക്താക്കളിൽ നിന്ന് അമിത വില ഈടാക്കുന്നതും നികുതി വെട്ടിപ്പും നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദീകരിക്കുമോ; | (ബി) അനുവദിച്ച അളവിൽ കൂടുതൽ ഖനനം നടക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ 2015 ലെ കെ.എം.എം.സി. ചട്ടപ്രകാരമുള്ള റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ക്വാറി ഉൽപന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(സി) ന്യായമായ വിലയ്ക്ക് പാറയും പാറ ഉത്പന്നങ്ങളും ആവശ്യക്കാർക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

(സി) സംസ്ഥാനത്ത് ക്വാറി/ക്രഷർ ഉൽപ്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് പ്രത്യേകിച്ച് സംവിധാനം നിലവിലില്ല. ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ള അനുമതികൾ നിർബന്ധമായ സാഹചര്യത്തിൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. തന്മൂലം സംസ്ഥാനത്ത് ക്രഷർ/ ക്വാറി ഉൽപ്പന്നങ്ങൾക്ക് നേരിയ വില വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ ജില്ലയിലെയും വില വ്യത്യസ്തമാണ്. ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിച്ച് വിലവർദ്ധനവ് നേരിടുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി)25/2017/ ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി.
5. അന്യ സംസ്ഥാനത്തു നിന്നും കരിങ്കല്ല് കൊണ്ടുവരുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
6. 09.03.2018, 21.11.2018 തീയതികളിൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം ചേരുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തു.
7. ക്വാറി ഉൽപന്നങ്ങൾക്ക് ന്യായവില ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

**സെക്ഷൻ ഓഫീസർ**